# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 19.01.2026**

### പ്രധാനവാർത്തകൾ

1) പതിനഞ്ചാം കേരള നിയമ സഭയുടെ 16-ാം സമ്മേളനത്തിന് നാളെ തുടക്കമാകും.
2) വികസിത ഭാരതത്തിലേക്കുള്ള മികച്ച ചുവടുവെയ്പ്പാണ് ദേശീയവിദ്യാഭ്യാസ നയമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ.
3) സംസ്ഥാനത്തെ തൊഴിൽരംഗം വലിയതോതിലുള്ള മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാനത്തെ ആദ്യത്തെ വർക്ക് നിയർ ഹോം സംവിധാനം മുഖ്യമന്ത്രി കൊട്ടാരക്കരയിൽ ഉദ്ഘാടനം ചെയ്തു.
4) ഭിന്നശേഷി പ്രതിഭകളുടെ സർഗ്ഗോത്സവം - സവിശേഷ 'Carnival of the different' മന്ത്രി ആർ ബിന്ദു തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തു.
5) ശബരിമലയിൽ മകരവിളക്ക് കാലത്തെ തീർഥാടകർക്കുള്ള ദർശനം ഇന്ന് അവസാനിക്കും. പൂജകൾ പൂർത്തിയാക്കി ക്ഷേത്ര നട നാളെ അടയ്ക്കും
6) വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ ഇന്ന് റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു - ഗുജറാത്ത് ജയന്റ്സ് പോരാട്ടം.

*******************

RNU TVPM

## കേരള നിയമ സഭ (ഇൻട്രോ)

സംസ്ഥാന നിയമസഭാ സമ്മേളനത്തിന് നാളെ തുടക്കമാകും. പതിനഞ്ചാം നിയമസഭയുടെ പതിനാറാം സമ്മേളനമാണിത്. **കൂടുതൽ വിവരങ്ങളുമായി തിരുവനന്തപുരത്തു നിന്ന് ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി.**

**(വോയ്സ്)**

*******************

## ഗവർണർ

വികസിത ഭാരതത്തിലേക്കുള്ള മികച്ച ചുവടുവെയ്പ്പാണ് ദേശീയവിദ്യാഭ്യാസ നയമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ. കൗൺസിൽ ഫോർ ടീച്ചർ എഡ്യുക്കേഷൻ കോഴിക്കോട് NITയിൽ സംഘടിപ്പിച്ച NEP 2020 നാഷണൽ കോൺക്ലേവ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. നാഷണൽ മിഷൻ ഫോർ മെൻ്ററിംഗ് വെബ് പേജ് പ്രകാശനവും ഗവർണർ നിർവഹിച്ചു.

*******************

## വർക്ക് നിയർ ഹോം (ഇൻട്രോ)

സംസ്ഥാനത്തെ തൊഴിൽരംഗം വലിയതോതിലുള്ള മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാനത്തെ ആദ്യത്തെ വർക്ക് നിയർ ഹോം സംവിധാനം കൊട്ടാരക്കരയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. നവകേരളം യാഥാർഥ്യമാക്കാനുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടത്തിവരുന്നതെന്നും മുഖ്യമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയ്സ്..........)

*******************

## മുഖ്യമന്ത്രി കുണ്ടറ ഉദ്ഘാടനം

മതനിരപേക്ഷതയുടെ കരുത്തുറ്റ തുരുത്തായി കേരളം നിലകൊള്ളുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ. കൊല്ലത്ത് ശ്രീനാരായണഗുരു സാംസ്കാരിക സമുച്ചയത്തിൽ ശ്രീനാരായണഗുരു പ്രതിമ അനാച്ഛാദനം ചെയ്യുകയായിരുന്നു

RNU TVPM

മുഖ്യമന്ത്രി. ഗുരു ജാതിക്കതീതമായി ഉയർത്തിപ്പിടിച്ച ആശയങ്ങൾ കേരളം ഇന്നും പിന്തുടരുന്നതായും അദ്ദേഹം പറഞ്ഞു. കൊല്ലം കുണ്ടറ താലൂക്ക് ആശുപത്രിയിൽ നിർമാണം പൂർത്തിയാക്കിയ ഏഴുനില കെട്ടിടത്തിന്റെ ഉദ്ഘാടനവും സംസ്ഥാന ക്ഷീര കർഷകസംഗമം 'പടവ് 2026' ൻറെ ഉദ്ഘാടനവും മുഖ്യമന്ത്രി നിർവഹിച്ചു.

*******************

## സവിശേഷ

സാമൂഹ്യനീതി വകുപ്പിൻറെ കീഴിൽ ഭിന്നശേഷി പ്രതിഭകളുടെ സർഗ്ഗോത്സവം സവിശേഷ 'Carnival of the different' ന് തിരുവനന്തപുരത്ത് തുടക്കമായി. സർഗോത്സവം മന്ത്രി ആർ ബിന്ദു ഉദ്ഘാടനം ചെയ്തു. സർഗോത്സവത്തിൻറെ ഭാഗമായി ഭിന്നശേഷി വിഭാഗത്തിലെ കുട്ടികളുടെ വിവിധ കലാപരിപാടികൾ നടന്നു. മൂന്ന് ദിവസത്തെ സർഗോത്സവം 21 ന് സമാപിക്കും.

*******************

## ഇലക്ഷൻ കമ്മീഷൻ

ഇന്ത്യ ഇൻററർനാഷണൽ കോൺഫറൻസ് ഓൺ ഡെമോക്രസി ആൻഡ് ഇലക്ഷൻ മാനേജ്മെൻറ് 2026 ന് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ബുധനാഴ്ച തുടക്കമാകും.

കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻറെ നേതൃത്വത്തിലാണ് സമ്മേളനം. ജനാധിപത്യ- തിരഞ്ഞെടുപ്പ് നടത്തിപ്പ് സംബന്ധിച്ച് ഇന്ത്യൻ ആതിഥേയത്വത്തിൽ നടക്കുന്ന ഏറ്റവും വലിയ ആഗോള സമ്മേളനമാണ് ഇത്. മൂന്ന് ദിവസത്തെ സമ്മേളനത്തിൽ 70-ലധികം രാജ്യങ്ങളിൽ നിന്നായി നൂറോളം അന്താരാഷ്ട്ര പ്രതിനിധികൾ പങ്കെടുക്കും.

*******************

## എസ്.ഐ.ആർ

സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണവുമായി ബന്ധപ്പെട്ട കരടു വോട്ടർ പട്ടികയിലുള്ള പേരുകൾ നീക്കം ചെയ്യാനായി ഇതുവരെ 5,528 അപേക്ഷകൾ ലഭിച്ചു.

RNUTVPM

പട്ടികയിലില്ലാത്ത അഞ്ചു ലക്ഷത്തി അറുപത്തിനാലായിരത്തി എണ്ണൂറ്റി പത്തു പേരാണ് പേര് ചേർക്കാനായി അപേക്ഷിച്ചിട്ടുള്ളത്.

*******************

## പാർലമെന്റ് ബജറ്റ്

പാർലമെൻറിൻറെ ബജറ്റ് സമ്മേളനം ഈ മാസം 28-ന് ആരംഭിക്കും. രാഷ്ട്രപതി ദ്രൗപദി മുർമുവിൻറെ നയപ്രഖ്യാപന പ്രസംഗത്തോടെയാണ് സമ്മേളനത്തിന് തുടക്കമാവുക. ഫെബ്രുവരി ഒന്നിനാണ് കേന്ദ്ര ബജറ്റ്. ബജറ്റിന് മുന്നോടിയായുള്ള സാമ്പത്തിക സർവേ ഈ മാസം 29-ന് പാർലമെൻറിൽ സമർപ്പിക്കും.

*******************

## കേരള കുംഭമേള

കേരള കുംഭമേളയെന്ന് വിശേഷിപ്പിക്കുന്ന പ്രഥമ മഹാമാഘ മഹോത്സവത്തിന് തിരുനാവായയിൽ തുടക്കമായി. മാഘ ഗുപ്ത നവരാത്രി ആരംഭദിനമായ ഇന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ധ്വജാരോഹണം നടത്തി മേള ഉദ്ഘാടനം ചെയ്തു. മേളയുടെ ഭാഗമായ രഥയാത്രയ്ക്കും ഇന്ന് തുടക്കമായി. ഇന്ന് മുതൽ ഫെബ്രുവരി മൂന്നുവരെയാണ് മേള.

*******************

## ശബരിമല

ശബരിമലയിൽ മകരവിളക്ക് കാലത്തെ തീർഥാടകർക്കുള്ള ദർശനം ഇന്ന് അവസാനിക്കും. ഇന്ന് വൈകിട്ട് ആറുവരെ പമ്പയിൽ എത്തിയ തീർഥാടകരെ ദർശനത്തിനായി സന്നിധാനത്തേക്ക് കടത്തിവിട്ടു. രാത്രി 9 ന് നടയടച്ച ശേഷം മാളികപ്പുറത്ത് ഗുരുതി പൂജ നടക്കും. നാളെ രാവിലെ 6.30 ന് പൂജകളും ചടങ്ങുകളും പൂർത്തിയാക്കി നട അടയ്ക്കും.

*******************

PNU TVPM

### പിഴ ഈടാക്കി

മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് സന്നിധാനത്തെ ഹോട്ടലുകളിലും വ്യാപാര സ്ഥാപനങ്ങളിലും നടത്തിയ പരിശോധനയിൽ വിവിധ കേസുകളിലായി മൂന്ന് ലക്ഷത്തി 64,000 രൂപ പിഴ ഈടാക്കി. അമിത വില ഈടാക്കൽ, തൂക്കത്തിൽ കുറച്ച് വിൽപന, തുടങ്ങി വിവിധ നിയമലംഘനങ്ങൾ നടത്തിയ സ്ഥാപനങ്ങളിൽ നിന്നാണ് പിഴ ഈടാക്കിയത്.

*******************

### ചർച്ച

കേന്ദ്ര സർക്കാരിൻറെ വിവിധ പദ്ധതികളെകുറിച്ച് ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം തയ്യാറാക്കുന്ന പ്രത്യേക ചർച്ചകൾ തിങ്കളാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ പ്രക്ഷേപണം ചെയ്യുന്നു. സർക്കാർ പദ്ധതികളെ കുറിച്ചുള്ള വിശദമായ വിവരങ്ങൾ ജനങ്ങളിലെത്തിക്കുകയാണ് ലക്ഷ്യം. പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജനയെക്കുറിച്ചുള്ള ചർച്ചയുടെ അവസാന ഭാഗം നാളെ ഉച്ചയ്ക്ക് 1.45ന് കേൾക്കാം. സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിസ്റ്റ്യൂട്ട് - വിഴിഞ്ഞം റീജിയണൽ സെൻററിലെ സീനിയർ സയൻറിസ്റ്റ് ഡോക്ടർ സൂര്യ എസ് സംസാരിക്കും.

RNU TVPM

*******************

### നെല്ലിയാമ്പതി- ഇക്കോ ടൂറിസം (ഇൻട്രോ)

നെല്ലിയാമ്പതിയിലെ കാർഷിക വൈവിധ്യവും ഇക്കോ ടൂറിസം സാധ്യതകളും പരിചയപ്പെടുത്തുന്നതിനായി ടൂറിസം ഫെസ്റ്റ് സംഘടിപ്പിക്കും. അടുത്തമാസം അഞ്ചുമുതൽ നടക്കുന്ന നെല്ലിയാമ്പതി ടൂറിസം ഫെസ്റ്റ് നടത്തിപ്പിനായി കെ.ബാബു എം.എൽ.എ ചെയർമാനായി സ്വാഗതസംഘം രൂപീകരിച്ചു. **കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്.**

(വോയ്സ്)

*******************

## ക്രിക്കറ്റ്

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ, റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു ഇന്ന് ഗുജറാത്ത് ജയന്റ്സിനെ നേരിടും. വഡോദര അന്താരാഷ്ട്ര ക്രിക്കറ്റ് സ്റ്റേഡിയത്തിൽ വൈകുന്നേരം 7:30 നാണ് മത്സരം.

*******************

## ഓഹരി - സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം . സെൻസെക്സ് 324 പോയിൻറ് താഴ്ന്ന് 83,246 ലും , നിഫ്റ്റി 109 പോയിൻറ് നഷ്ടത്തിൽ 25,586 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ്ണ വില ഉയർന്നു. പവന് 1,800 രൂപ വർദ്ധിച്ച് ഒരു ലക്ഷത്തി 7,240 രൂപയും ഗ്രാമിന് 13,405 രൂപയുമാണ് വില.

*******************

## മൻ കി ബാത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് ഈ മാസം 25 ന്. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും അഭിപ്രായങ്ങളും MyGov, NaMo App എന്നിവയിലൂടെയോ 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലോ ഈ മാസം 23 വരെ അറിയിക്കാം.

RNU TVPM

*******************

## മനുഷ്യവകാശ കമ്മീഷൻ

ബസിൽ ലൈംഗികാതിക്രമം നടത്തിയെന്നാരോപിച്ച് യുവതി സാമൂഹിക മാധ്യമങ്ങളിൽ വീഡിയോ പങ്കുവെച്ചതിനു പിന്നാലെ യുവാവിനെ മരിച്ച നിലയിൽ കണ്ടെത്തിയ സംഭവം നോർത്ത് സോൺ ഡി.ഐ.ജി. അന്വേഷിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ. അന്വേഷണ റിപ്പോർട്ട് ഒരാഴ്ചക്കകം സമർപ്പിക്കണമെന്നും കമ്മീഷൻ ആവശ്യപ്പെട്ടു. ഫെബ്രുവരി 19 ന് കോഴിക്കോട് പൊതുമരാമത്ത് റസ്റ്റ് ഹൗസിൽ നടക്കുന്ന സിറ്റിംഗിൽ കേസ് പരിഗണിക്കും.

*******************

## <u>രാഹുൽ ഗാന്ധി</u>

കെപിസിസിയുടെ പ്രിയദർശിനി പുരസ്കാരം ഡോ. എം ലീലാവതിക്ക്, രാഹുൽ ഗാന്ധി എം പി സമ്മാനിച്ചു. ശ്രീമതി ലീലാവതിയുടെ വീട്ടിലെത്തിയാണ് അദ്ദേഹം പുരസ്കാരം സമ്മാനിച്ചത്. എം ലീലാവതി രാജ്യത്തിൻറെ അഭിമാന ചിഹ്നമാണെന്നും എല്ലാവർക്കും ഊർജമാണെന്നും അദ്ദേഹം പറഞ്ഞു. കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തിരഞ്ഞെടുക്കപ്പെട്ട കോൺഗ്രസ് പ്രതിനിധികളെ ആദരിക്കുന്നതിനായി കെപിസിസി സംഘടിപ്പിച്ച 'മഹാപഞ്ചായത്ത്' സംഗമത്തിലും ശ്രീ രാഹുൽഗാന്ധി മുഖ്യാതിഥിയായി പങ്കെടുത്തു.

*******************

*************

*******

RNU TVPM